പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 274

# 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 274

# 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

912/2025.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 274

# 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും

ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 7-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 7-ാം വകുപ്പ് (4)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ " ചെയ്യേണ്ടതാണ് " എന്ന വാക്കിനു പകരം "ചെയ്യേണ്ടതും പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും ജനസംഖ്യ തുല്യമായി വരുന്നപക്ഷം സംവരണം ഏത് വിഭാഗത്തിനാണ് എന്നുള്ളത് ആദ്യ തവണ നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടതും തുടർന്നുവരുന്ന സന്ദർഭങ്ങളിൽ ആവർത്തനം ഒഴിവാക്കി, അതത് സംഗതിപോലെ, പട്ടികജാതി വിഭാഗത്തിനോ പട്ടികവർഗ്ഗ വിഭാഗത്തിനോ ആയി നിശ്ചയിക്കേണ്ടതുമാണ് " എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

3. 8-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 8-ാം വകുപ്പ് (4)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "ചെയേ്യണ്ടതാണ്" എന്ന വാക്കിനുപകരം "ചെയ്യേണ്ടതും പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും ജനസംഖ്യ തുല്യമായി വരുന്നപക്ഷം സംവരണം ഏത് വിഭാഗത്തിനാണ് എന്നുള്ളത് ആദ്യ തവണ

നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടതും തുടർന്നുവരുന്ന സന്ദർഭങ്ങളിൽ ആവർത്തനം ഒഴിവാക്കി, അതത് സംഗതിപോലെ, പട്ടികജാതി വിഭാഗത്തിനോ പട്ടികവർഗ്ഗ വിഭാഗത്തിനോ ആയി നിശ്ചയിക്കേണ്ടതുമാണ്" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

4. 9-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പ് (4)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "ചെയ്യേണ്ടതാണ്" എന്ന വാക്കിനുപകരം "ചെയ്യേണ്ടതും പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും ജനസംഖ്യ തുല്യമായി വരുന്നപക്ഷം സംവരണം ഏത് വിഭാഗത്തിനാണ് എന്നുള്ളത് ആദ്യ തവണ നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടതും തുടർന്നുവരുന്ന സന്ദർഭങ്ങളിൽ ആവർത്തനം ഒഴിവാക്കി, അതത് സംഗതിപോലെ, പട്ടികജാതി വിഭാഗത്തിനോ പട്ടികവർഗ്ഗ വിഭാഗത്തിനോ ആയി നിശ്ചയിക്കേണ്ടതുമാണ് " എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

5. 188-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 188-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1 എ) പഞ്ചായത്ത് ഭരണത്തെ സംബന്ധിച്ചുള്ള രേഖകളും മറ്റും പരിശോധിക്കുന്നതിനും ഒരു പഞ്ചായത്തിൽ നിക്ഷിപ്തമായ വികസനപരവും ജനക്ഷേമപരവുമായ ചുമതലകളും ആ പഞ്ചായത്തിനെ ഭരമേൽപ്പിച്ച സാമ്പത്തികവും നിയന്ത്രണപരവുമായ അധികാരങ്ങളും നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനും പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ യഥാസമയം അതിന് നിർദ്ദേശങ്ങൾ നൽകുന്നതിനും, സർക്കാരിന്, നിർണ്ണയിക്കപ്പെട്ട രീതിയിൽ, ആഭ്യന്തര വിജിലൻസും മോണിറ്ററിംഗും സംവിധാനം ഏർപ്പാട് ചെയ്യാവുന്നതാണ്." ;

(ii) (3)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് നിർണ്ണയിക്കപ്പെട്ട രീതിയിൽ സർക്കാരിന് ഏർപ്പാട് ചെയ്യാവുന്നതാണ്.".

6. 203-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 203-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ "(പൂർണ്ണസംഖ്യയിൽ)" എന്ന ബ്രാക്കറ്റും വാക്കും വിട്ടുകളയേണ്ടതാണ്.

7. 220-ാം വകുപ്പിന് ശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 220-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"220 എ. പൊതുതെരുവിൽ തടസ്സമുണ്ടാക്കുന്ന എടുപ്പുകളും ആബദ്ധവസ്തുക്കളും തടയൽ.— (1) യാതൊരാളും ഏതെങ്കിലും പൊതുതെരുവിന്റെയോ കിണറിന്റെയോ കുളത്തിന്റെയോ ചാലിന്റെയോ അഴുക്കുചാലിന്റെയോ ഏതെങ്കിലും ഭാഗം കൈയ്യേറുന്ന വിധത്തിൽ ഏതെങ്കിലും ഭിത്തിയോ വേലിയോ കൈവരിയോ തൂണോ പടിയോ എടുപ്പുകളോ നിർമ്മിക്കുകയോ ആബദ്ധവസ്തുക്കൾ സ്ഥാപിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള പൊതുതെരുവിന്റെയോ കിണറിന്റെയോ കുളത്തിന്റെയോ ചാലിന്റെയോ അഴുക്കുചാലിന്റെയോ ഏതെങ്കിലും ഭാഗം കൈവശം വയ്ക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(2) ഏതൊരാളും ഏതെങ്കിലും പൊതുസ്ഥലത്തോ പൊതുനിരത്തിലോ അവയ്ക്ക് മുകളിലോ അല്ലെങ്കിൽ ഏതെങ്കിലും തുറന്ന ചാലിനോ കിണറിനോ കുളത്തിനോ ഏതെങ്കിലും തെരുവിനോ അവയ്ക്ക് മീതെയോ ഏതെങ്കിലും കമാനങ്ങളോ ബോർഡുകളോ ഹോർഡിംഗുകളോ ബാനറുകളോ ഡിജിറ്റൽ ബാനറുകളോ കൊടികളോ കൊടിമരങ്ങളോ തോരണങ്ങളോ സ്ഥാപിക്കുകയോ കെട്ടുകയോ ചെയ്യുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള ഫീസ് ഒടുക്കി സെക്രട്ടറിയിൽ നിന്നും രേഖാമൂലമുള്ള അനുമതി വാങ്ങേണ്ടതാണ് :

എന്നാൽ, 1999-ലെ കേരള ഹൈവേ സംരക്ഷണ ആക്റ്റിലെയും (2000-ലെ 6), 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റിലെയും (2007-ലെ 8) വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം സെക്രട്ടറി അപ്രകാരമുള്ള അനുമതി നൽകേണ്ടത്.".

8. 233 എ വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 233 എ വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിൽ, "സെക്രട്ടറിക്ക്" എന്ന വാക്കിനുപകരം "സെക്രട്ടറി" എന്ന വാക്കും, "തേടാവുന്നതും" എന്ന വാക്കിനുപകരം "തേടേണ്ടതും" എന്ന വാക്കും ചേർക്കേണ്ടതാണ് ;

(ii) (3)-ാം ഉപവകുപ്പിൽ '(1)-ാം ഉപവകുപ്പിൻകീഴിൽ' എന്ന വാക്കിന് മുൻപായി "(2)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച ശേഷം" എന്ന ബ്രാക്കറ്റും അക്കവും ചിഹ്നവും വാക്കുകളും ചേർക്കേണ്ടതാണ്.

9. 238-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 238-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ, "ആവശ്യമാണെങ്കിൽ" എന്ന വാക്കിന് പകരം "ആവശ്യമാണെന്ന് സെക്രട്ടറിക്ക് ബോധ്യപ്പെടുന്ന പക്ഷം" എന്ന വാക്കുകളും, "ഗ്രാമപഞ്ചായത്ത്" എന്ന വാക്കിന് ശേഷം "സെക്രട്ടറി" എന്ന വാക്കും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ (1994-ലെ 13) 7-ാം വകുപ്പ് (4)-ാം ഉപവകുപ്പ്, 8-ാം വകുപ്പ് (4)-ാം ഉപവകുപ്പ്, 9-ാം വകുപ്പ് (4)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനകൾ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിലെ പട്ടികജാതിക്കാരുടെയോ പട്ടികവർഗ്ഗക്കാരുടെയോ ജനസംഖ്യ ഏതെങ്കിലും സ്ഥാനം അവർക്കായി സംവരണം ചെയ്യുന്നതിന് അപര്യാപ്തമായി വരുന്നപക്ഷം പട്ടികജാതിക്കാരിലോ പട്ടികവർഗ്ഗക്കാരിലോ കൂടുതലുള്ള വിഭാഗത്തിന് ആ പഞ്ചായത്തിൽ ഒരു സ്ഥാനം സംവരണം ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ജനസംഖ്യ തുല്യമായി വരികയാണെങ്കിൽ സ്ഥാനം സംവരണം ചെയ്യേണ്ട വിധം ആക്റ്റിൽ കൊണ്ടുവരുന്നതിനായി പഞ്ചായത്ത് രാജ് ആക്റ്റിന്റെ പ്രസ്തുത വകുപ്പുകളിൽ ഭേദഗതി ചെയ്യുന്നതിനും, ആഭ്യന്തര വിജിലൻസും മോണിറ്ററിംഗും സംവിധാനം, സോഷ്യൽ ഓഡിറ്റ് എന്നിവ ഏർപ്പെടുത്തുന്നതിനും, വസ്തു നികുതി സംബന്ധിച്ചും, വ്യവസായ സൗഹൃദമാക്കുന്നതിന്റെ ഭാഗമായും, അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിൽ സെക്രട്ടറിക്ക് ചുമതല നൽകുന്നതുമായി ബന്ധപ്പെട്ടും, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 188, 203, 233 എ, 238 എന്നീ വകുപ്പുകളിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തുന്നതിനും, പൊതുതെരുവിൽ തടസ്സമുണ്ടാക്കുന്ന എടുപ്പുകളും ആബദ്ധ വസ്തുക്കളും തടയുന്നതിനായി പ്രസ്തുത ആക്റ്റിൽ 220 എ എന്ന പുതിയ ഒരു വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായും സർക്കാർ തീരുമാനിച്ചു.

മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 5-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 188-ാം വകുപ്പിന്റെ,—

(i) (1 എ)-ാം ഉപവകുപ്പ്, പഞ്ചായത്തിൽ നിക്ഷിപ്തമായ പ്രവൃത്തികൾ വിലയിരുത്തുന്നതിനും പാകപ്പിഴകൾ ഉണ്ടെങ്കിൽ പരിഹരിക്കാൻ നിർദ്ദേശങ്ങൾ നൽകുന്നതിനും, ആഭ്യന്തര വിജിലൻസും മോണിറ്ററിംഗും സംവിധാനം ഏർപ്പെടുത്തുന്നതിന്റെ രീതി നിർണ്ണയിക്കുന്നതിനും ;

(ii) (3)-ാം ഉപവകുപ്പ്, പഞ്ചായത്ത് നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിനും

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 7-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 220 എ വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, പൊതുതെരുവിൽ തടസ്സമുണ്ടാക്കുന്ന എടുപ്പുകളും ആബദ്ധവസ്തുക്കളും തടയുന്നതുമായി ബന്ധപ്പെട്ട് ഫീസിന്റെ രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയോ ആകുന്നു. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എം. ബി. രാജേഷ്.

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

7. <u>ഗ്രാമപഞ്ചായത്തിന്റെ ഘടന</u>.—(1) ഒരോ ഗ്രാമപഞ്ചായത്തും 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്ത സ്ഥാനങ്ങളുടെയത്രയും എണ്ണം തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ അടങ്ങുന്നതായിരിക്കേണ്ടതാണ്.

** ** ** **

(4) (3)-ാം ഉപവകുപ്പ്പ്രകാരം സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം സർക്കാർ നിശ്ചയിക്കേണ്ടതും അപ്രകാരം നിശ്ചയിച്ച സ്ഥാനങ്ങളുടെ എണ്ണത്തിന് ആ പഞ്ചായത്തിലെ ആകെ സ്ഥാനങ്ങളുടെ എണ്ണവുമായുള്ള അനുപാതം, കഴിയുന്നിടത്തോളം, ആ പഞ്ചായത്തുപ്രദേശത്തെ, അതതു സംഗതിപോലെ, പട്ടികജാതിക്കാരുടെയോ പട്ടികവർഗ്ഗക്കാരുടെയോ ജനസംഖ്യയ്ക്ക് ആ പഞ്ചായത്തു പ്രദേശത്തെ ആകെ ജനസംഖ്യയുമായുള്ള അനുപാതം തന്നെ ആയിരിക്കേണ്ടതും അങ്ങനെയുള്ള സ്ഥാനങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷനോ 10-ാം വകുപ്പ് (1 ബി) ഉപവകുപ്പിൻ കീഴിൽ അത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ആ പഞ്ചായത്തു പ്രദേശത്തെ വിവിധ നിയോജക മണ്ഡലങ്ങൾക്ക് ആവർത്തനക്രമമനുസരിച്ച് നീക്കിവയ്ക്കേണ്ടതുമാണ് :

എന്നാൽ, ഒരു പഞ്ചായത്ത് പ്രദേശത്തിലെ പട്ടികജാതിക്കാരുടേയോ പട്ടികവർഗ്ഗക്കാരുടേയോ ജനസംഖ്യ ഏതെങ്കിലും സ്ഥാനം അവർക്കായി സംവരണം ചെയ്യുന്നതിന് അപര്യാപ്തമായി വരുന്നപക്ഷം പട്ടികജാതിക്കാരിലോ പട്ടികവർഗ്ഗക്കാരിലോ കൂടുതലുള്ള വിഭാഗത്തിന് ആ പഞ്ചായത്തിൽ ഒരു സ്ഥാനം സംവരണം ചെയ്യേണ്ടതാണ്.

** ** ** **

8. <u>ബ്ലോക്ക് പഞ്ചായത്തിന്റെ ഘടന</u>.—(1) ഒരോ ബ്ലോക്ക് പഞ്ചായത്തും,—

(എ) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്ത സ്ഥാനങ്ങളുടെ അത്രയും എണ്ണം തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും ;

(ബി) ആ ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂപ്രദേശത്തെ ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റുമാരും;

** ** ** **

(4) (3)-ാം ഉപവകുപ്പ് പ്രകാരം സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം സർക്കാർ നിശ്ചയിക്കേണ്ടതും അപ്രകാരം നിശ്ചയിച്ച സ്ഥാനങ്ങളുടെ എണ്ണത്തിന് ആ ബ്ലോക്ക് പഞ്ചായത്തിലെ ആകെ സ്ഥാനങ്ങളുടെ എണ്ണവുമായുള്ള അനുപാതം, കഴിയുന്നിടത്തോളം,

ആ ബ്ലോക്കുപഞ്ചായത്തുപ്രദേശത്തെ, അതതു സംഗതിപോലെ, പട്ടികജാതിക്കാരുടെയോ പട്ടികവർഗ്ഗക്കാരുടെയോ ജനസംഖ്യയ്ക്ക് ആ ബ്ലോക്കുപഞ്ചായത്തു പ്രദേശത്തെ ആകെ ജനസംഖ്യയുമായുള്ള അനുപാതം തന്നെ ആയിരിക്കേണ്ടതും അങ്ങനെയുള്ള സ്ഥാനങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനോ 10-ാം വകുപ്പ് (1 ബി) ഉപവകുപ്പിൻകീഴിൽ അത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ആ ബ്ലോക്കു പഞ്ചായത്ത് പ്രദേശത്തെ വിവിധ നിയോജക മണ്ഡലങ്ങൾക്ക് ആവർത്തന ക്രമമനുസരിച്ച് നീക്കിവയ്ക്കേണ്ടതുമാണ്:

എന്നാൽ, ഒരു ബ്ലോക്ക് പഞ്ചായത്തു പ്രദേശത്തെ പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും ജനസംഖ്യ ഏതെങ്കിലും സ്ഥാനം അവർക്കായി സംവരണം ചെയ്യുന്നതിന് അപര്യാപ്തമായി വന്നാൽ ഈ വിഭാഗങ്ങളിൽ കൂടുതലുള്ള വിഭാഗത്തിന് പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിൽ ഒരു സ്ഥാനം സംവരണം ചെയ്യേണ്ടതാണ്.

9. ജില്ലാ പഞ്ചായത്തിന്റെ ഘടന.— (1) ഒരോ ജില്ലാ പഞ്ചായത്തും,—

(എ) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം വിജ്ഞാപനം ചെയ്ത സ്ഥാനങ്ങളുടെ അത്രയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും;

(ബി) ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രസിഡന്റുമാരും;

** ** ** **

(4) (3)-ാം ഉപവകുപ്പ് പ്രകാരം സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം സർക്കാർ നിശ്ചയിക്കേണ്ടതും, അപ്രകാരം നിശ്ചയിച്ച സ്ഥാനങ്ങളുടെ എണ്ണത്തിന് ആ ജില്ലാ പഞ്ചായത്തിലെ ആകെ സ്ഥാനങ്ങളുടെ എണ്ണവുമായുള്ള അനുപാതം, കഴിയുന്നിടത്തോളം, ആ ജില്ലാപഞ്ചായത്തുപ്രദേശത്തെ, അതതു സംഗതിപോലെ, പട്ടിക ജാതിക്കാരുടെയോ പട്ടികവർഗ്ഗക്കാരുടെയോ ജനസംഖ്യയ്ക്ക് ആ ജില്ലാ പഞ്ചായത്തുപ്രദേശത്തെ, ആകെ ജനസംഖ്യയുമായുള്ള അനുപാതം തന്നെ ആയിരിക്കേണ്ടതും അങ്ങനെയുള്ള സ്ഥാനങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനോ 10-ാം വകുപ്പ് (1 ബി) ഉപവകുപ്പിൻകീഴിൽ അത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ആ ജില്ലാ പഞ്ചായത്ത് പ്രദേശത്തെ വിവിധ നിയോജക മണ്ഡലങ്ങൾക്ക് ആവർത്തനക്രമമനുസരിച്ച് നീക്കിവയ്ക്കേണ്ടതാണ് :

എന്നാൽ, ഒരു ജില്ലാ പഞ്ചായത്തുപ്രദേശത്തെ, പട്ടികജാതിക്കാരുടെയോ പട്ടികവർഗ്ഗക്കാരുടെയോ ജനസംഖ്യ ഏതെങ്കിലും സ്ഥാനം അവർക്കായി സംവരണം ചെയ്യുന്നതിന് അപര്യാപ്തമായി വരുന്നപക്ഷം പട്ടികജാതിക്കാരിലോ പട്ടികവർഗ്ഗക്കാരിലോ കൂടുതലുള്ള വിഭാഗത്തിന് ആ പഞ്ചായത്തിൽ ഒരു സ്ഥാനം സംവരണം ചെയ്യേണ്ടതാണ്.

** ** ** **

188. പഞ്ചായത്തുകളുടെ രേഖകളും മറ്റും പരിശോധിക്കുന്നതിനുള്ള അധികാരം.— (1) സർക്കാരിനോ അല്ലെങ്കിൽ ഇതിലേക്കായി സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ,—

(എ) ഏതെങ്കിലും പഞ്ചായത്തിന്റെ കൈവശത്തിലോ നിയന്ത്രണത്തിൻ കീഴിലോ ഉള്ള ഏതെങ്കിലും രേഖകളോ രജിസ്റ്ററുകളോ മറ്റു പ്രമാണങ്ങളോ ആവശ്യപ്പെടാവുന്നതും;

എന്നാൽ, പഞ്ചായത്ത് നൽകിയ രേഖയുടെയോ രജിസ്റ്ററിന്റെയോ റെക്കാർഡിന്റെയോ അസ്സൽ സർക്കാരിന് ലഭിച്ച് തൊണ്ണൂറ് ദിവസത്തിനകം പഞ്ചായത്തിന് തിരികെ നൽകേണ്ടതും, ആവശ്യമെങ്കിൽ, അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സർക്കാരിന് കൈവശം വയ്ക്കാവുന്നതുമാണ്.

** ** ** **

(എഫ്) പഞ്ചായത്തിന്റെ ഏതെങ്കിലും ഓഫീസോ ഏതെങ്കിലും രേഖകളോ അല്ലെങ്കിൽ മറ്റു പ്രമാണങ്ങളോ അല്ലെങ്കിൽ അവിടെ സൂക്ഷിച്ചിട്ടുള്ള ജംഗമ സ്വത്തുക്കളോ അല്ലെങ്കിൽ പഞ്ചായത്തിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഏതെങ്കിലും പണിയോ സ്ഥാപനമോ വസ്തുവോ പരിശോധിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതും,ആകുന്നു.

** ** ** **

(3) പഞ്ചായത്തിന്റെ ഭരണത്തെ സംബന്ധിച്ചുള്ള ആനുകാലിക പെർഫോർമെൻസ് ആഡിറ്റ് നടത്തുന്നതിന് നിർണ്ണയിക്കപ്പെട്ട രീതിയിൽ സർക്കാരിന് ഏർപ്പാട് ചെയ്യാവുന്നതാണ്.

** ** ** **

203. വസ്തു നികുതി.— (1) ഏതൊരു ഗ്രാമപഞ്ചായത്തും അതത് ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും (അതിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്തിനുൾപ്പെടെ)ആക്റ്റിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന ചട്ടങ്ങൾക്കും അനുസൃതമായി വസ്തു നികുതി ചുമത്തേണ്ടതാണ്.

** ** ** **

(3) (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന പ്രകാരം കെട്ടിടങ്ങളുടെ ഇനം അനുസരിച്ച് സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി, ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് എന്ന തോതിൽ, അതത് ഇനം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ ബാധകമാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ (പൂർണ്ണസംഖ്യയിൽ)

നിർണ്ണയിക്കപ്പെട്ട നടപടിക്രമം പാലിച്ച്. അതത് ഗ്രാമപഞ്ചായത്ത് നിശ്ചയിക്കേണ്ടതാണ്. അതത് സംഗതി പോലെ, ഒരേ ഇനത്തിൽ അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്തിൽ എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്.

** ** ** **

220. <u>പൊതുവഴികൾ മുതലായവയിലോ അവയ്ക്ക് മുകളിലോ നടത്തുന്ന നിർമ്മാണങ്ങൾക്കു നിരോധനം.</u>— ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, യാതൊരാളും-

** ** ** **

(ജി) അപ്രകാരമുള്ള ഏതെങ്കിലും പൊതുവഴിയോ മറ്റു വസ്തുവോ ഏതെങ്കിലും പുറമ്പോക്കോ ഭൂമിയോ ഉപയോഗിക്കുന്നത് ഒരു ഗ്രാമപഞ്ചായത്ത് നിയന്ത്രിച്ചിരിക്കുകയും അതിന്റെ അവകാശം ആ ആളിൽ നിക്ഷിപ്തമായിരിക്കുകയോ അത് അയാളുടെ വകയായി ഇരിക്കുകയോ ചെയ്യുന്നുവെന്ന് സ്ഥാപിച്ചിട്ടില്ലാതിരിക്കുകയും ചെയ്താൽ, അവിടെ വളരുന്ന ഏതെങ്കിലും വൃക്ഷം മുറിക്കുകയോ നീക്കം ചെയ്യുകയോ നശിപ്പിക്കുകയോ വെട്ടുകയോ ചെത്തുകയോ അതിന്റെ തോൽ ഉരിക്കുകയോ അല്ലെങ്കിൽ അതിന്റെ ഇലകളോ കായ്കളോ നീക്കം ചെയ്യുകയോ അല്ലെങ്കിൽ അതിന് മറ്റുവിധത്തിൽ നാശം വരുത്തുകയോ ;

ചെയ്യാൻ പാടില്ലാത്തതാകുന്നു.

** ** ** **

233 എ. <u>ഫാക്ടറി, വർക്ക്ഷോപ്പ് മുതലായവയിൽനിന്നുള്ള ശല്യം ഇല്ലാതാക്കൽ.</u>—(1) ഏതെങ്കിലും ഫാക്ടറിയോ വർക്ക്ഷോപ്പോ ജോലിസ്ഥലമോ യന്ത്രങ്ങളോ ഏതെങ്കിലും ഒരു പ്രത്യേകതരം ഇന്ധനം ഉപയോഗിക്കുന്നതുകൊണ്ടോ ശബ്ദമോ അനുചലനമോ ഉണ്ടാകുന്നതിനാലോ, വിഷവാതകം വമിക്കുകയോ അസഹ്യമായ ഗന്ധമോ പുകയോ പൊടിയോ പുറപ്പെടുവിക്കുകയോ ചെയ്യുന്ന കാരണത്താലോ, ശല്യമുണ്ടാക്കുന്നതായി സെക്രട്ടറിക്ക് അഭിപ്രായമുള്ളപക്ഷം, സെക്രട്ടറിക്ക് അപ്രകാരമുള്ള ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ യന്ത്രങ്ങളുടെയോ ചുമതല വഹിക്കുന്ന ആളോട് അപ്രകാരമുള്ള ശല്യം ന്യായമായ സമയത്തിനുള്ളിൽ ഇല്ലാതാക്കാൻ

നിർദ്ദേശിക്കാവുന്നതാണ്.

(2) സെക്രട്ടറിക്ക്, ബന്ധപ്പെട്ട ഫാക്ടറിയുടെയോ, വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ യന്ത്രസാമഗ്രികളുടേയോ ഉടമസ്ഥന്റെ അല്ലെങ്കിൽ ചാർജ്ജ് വഹിക്കുന്ന ആളുടെ ചെലവിൽ ശല്യം തിട്ടപ്പെടുത്തുന്നതോ അത് ഇല്ലാതാക്കുന്നതോ

സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് വിദഗ്ദ്ധ ഉപദേശം തേടാവുന്നതും, അപ്രകാരമുള്ള റിപ്പോർട്ട്, കഴിയുന്നതും വേഗം, എന്നാൽ അപ്രകാരമുള്ള ശല്യം സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട് പതിനഞ്ച് ദിവസം കഴിയുന്നതിനുമുമ്പായി നൽകേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിക്കപ്പെട്ട ഒരു നിർദ്ദേശം നടപ്പാക്കാൻ മനഃപൂർവ്വം വീഴ്ചവരുത്തുകയോ നിലവിലുള്ള സാഹചര്യത്തിൽ ശല്യം ഇല്ലാതാക്കുന്നത് പ്രാവർത്തികമല്ലെന്ന് കാണുകയോ ആണെങ്കിൽ ശല്യം ഇല്ലാതാക്കാൻ തൃപ്തികരമായ രീതിയിൽ ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ആൾ എടുക്കുന്ന സമയം വരെ, സെക്രട്ടറിക്ക് ഫാക്ടറിയുടെയോ ജോലിസ്ഥലത്തിന്റെയോ യന്ത്രത്തിന്റെയോ പ്രവർത്തനം നിരോധിക്കാവുന്നതാണ്.

** ** ** **

238. <u>അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിൽ മുൻകരുതലുകളും, വേലികളും, വൃക്ഷങ്ങളും, വെട്ടിയൊതുക്കലും</u>.—(1) (എ) ഏതെങ്കിലും വൃക്ഷമോ, വൃക്ഷത്തിന്റെ ഏതെങ്കിലും ശാഖയോ ഭാഗമോ ഏതെങ്കിലും വൃക്ഷത്തിന്റെ കായകളോ വീഴാനും തൻമൂലം ഏതെങ്കിലും ആൾക്കോ, ഏതെങ്കിലും എടുപ്പിനോ കൃഷിക്കോ ആപത്തുണ്ടാകാനും ഇടയുണ്ടെന്ന് ഗ്രാമപഞ്ചായത്ത് കരുതുന്നപക്ഷം ഗ്രാമപഞ്ചായത്തിന് അതിൽ നിന്ന് എന്തെങ്കിലും അപകടം ഉണ്ടാക്കുന്നത് തടയുന്നതിലേക്കായി നോട്ടീസ് മൂലം ആ വൃക്ഷത്തിന്റെ ഉടമസ്ഥനോട് ആ വൃക്ഷം ഉറപ്പിച്ച് നിർത്തുകയോ, ഛേദിക്കുകയോ, വെട്ടിക്കളയുകയോ ചെയ്യുന്നതിനോ അല്ലെങ്കിൽ അതിന്റെ കായ്കൾ നീക്കം ചെയ്യുന്നതിനോ ആവശ്യപ്പെടാവുന്നതാകുന്നു.

(ബി) സത്വരനടപടി ആവശ്യമാണെങ്കിൽ അങ്ങനെയുള്ള നോട്ടീസ് കൊടുക്കുന്നതിനുമുമ്പോ, അങ്ങനെയുള്ള നോട്ടീസിലെ കാലാവധി തീരുന്നതിനുമുമ്പോ, ഗ്രാമപഞ്ചായത്ത് സ്വയമേവ അങ്ങനെയുള്ള വൃക്ഷം ഉറപ്പിച്ചു നിറുത്തുകയോ, ഛേദിക്കുകയോ, വെട്ടിക്കളയുകയോ, അതിലെ കായ്കൾ നീക്കം ചെയ്യുകയോ ഏതെങ്കിലും തെരുവിന്റെ ഒരു ഭാഗം വേലി കെട്ടി മറയ്ക്കുകയോ, അപകടം ഒഴിവാക്കുന്നതിനായി യുക്തമെന്ന് തോന്നുന്ന മറ്റു താൽക്കാലിക നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതും, അങ്ങനെ ചെയ്യുന്നതിനുള്ള ചെലവ് ഭൂമിയിൻമേലുള്ള പൊതുനികുതി കുടിശ്ശിക എന്ന പോലെ ആ വൃക്ഷത്തിന്റെ ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതുമാകുന്നു.

** ** ** **